ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരുടെ **01/01/2018** തീയ്യതിയിലെ അന്തിമ സീനിയോറിറ്റി പട്ടിക പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (ജി) വിഭാഗം**

**നം. EG3/36242/23/DTE** **തിരുവനന്തപുരം, തീയതി :** 27-09-2024

---

പരാമർശം :- 1. സർക്കുലർ നമ്പർ **EG3/34859/18/DTE** തീയതി,**14.12.2018.**

2. **11.10.2017, 23.10.2017 & 16.03.2021** തീയതികളിലെ നടപടിക്രമം നമ്പർ **EG3/35772/17/DTE.**

3.സ.ഉ.(കൈ) നം.207/2020/ഉ.വി.വ. തീയതി **10.06.2020.**

4.ഇടുക്കി, സർക്കാർ എൻജിനിയറിംഗ് കോളേജ്, പ്രിൻസിപ്പലിൻറെ **07.08.2023** ലെ **E2/1057/21/GECI** നമ്പർ കത്ത്.

5. **18/07/2024** ലെ **I/111958/2024** നമ്പർ പരിപത്രം.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരുടെ **01/01/2018** തീയ്യതിയിലെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം (1) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇടുക്കി, സർക്കാർ എൻജിനിയറിംഗ് കോളേജിലെ ട്രേഡ്സ്മാൻ (മൌൽഡിങ് & ഫൌണ്ടറി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനീഷ്.കെ.ജോണി, സമർപ്പിച്ച അപേക്ഷയും, ടിയാൻറെ നിയമന / സേവന വിവരങ്ങൾ ഉൾക്കൊള്ളുന്ന അനുബന്ധ രേഖകളും പരാമർശം (4) കത്ത് പ്രകാരം പ്രിൻസിപ്പാൾ ലഭ്യമാക്കുകയും, ആയത് കോട്ടയം ജില്ലാ **PSC** യുടെ **15.09.2017** ലെ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള നിയമന ശുപാർശ ടിയാന് ലഭിച്ചുവെങ്കിലും, കോട്ടയം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്ന സാഹചര്യത്തിൽ **11.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമമനുസരിച്ച് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകുകയും, അതിൻറെ അടിസ്ഥാനത്തിൽ ടിയാൻ **23.10.2017** ൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തു. എന്നാൽ ഒഴിവിൻറെ അഭാവത്തിൽ **23.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമം പ്രകാരം ടിയാനെ ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്തുകൊണ്ട് ഉത്തരവ് തുടർന്ന് പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാന തലത്തിൽ ആക്കിയതിൻറെ വെളിച്ചത്തിൽ **16.03.2021** ലെ ഇബി5/35772/17/ഡിടിഇ നമ്പർ നിയമന ഉത്തരവ് പ്രകാരം ടിയാന് ഇടുക്കി, സർക്കാർ എൻജിനിയറിംഗ് കോളേജിൽ പുനർ നിയമനം

നൽകുകയും 29.03.2021 ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പരാമർശം (1) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരുടെ 01/01/2018 തീയ്യതിയിലെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 6 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.പ്രദീപ്.റ്റി - ക്ക് തൊട്ട് താഴെ ക്രമ നമ്പർ 7 ആയി ശ്രീ. അനീഷ്.കെ.ജോണി - യെ ഉൾപ്പെടുത്തി ടി സീനിയോറിറ്റി പട്ടിക പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.അനീഷ്.കെ.ജോണി യുടെ സ്ഥാനം ചുവടെ പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

Final Seniority List of Tradesman in various trades in the Department of Technical Education as on 01/01/2018
Addendum
Trade : FOUNDRY / MOULDING

| Sl. No. | Name | Date of Birth | Qualif-ication | Mode of Appoint-ment | Opted District | Date of Advice / Appoint-ment | Date of Joining | Date of declar-ation of probation | Remarks |
|---|---|---|---|---|---|---|---|---|---|
| a | b | c | d | e | f | g | h | i | j |
| 7 | Aneesh K Johny | 03.11.1990 | B. Tech Mechanical Engineering | PSC | Kottayam | 15.09.2017 | 29.03.2021 | 29.03.2023 | 1) Advised by KPSC District Office, Kottayam on 15.09.2017. 2) Appointed as per Proceedings No. EB5/35772/17/DTE dated 11.10.2017 and retrenched due to the lack of vacancy as per Proceeding No. EB5/35772/17/DTE dated 23.10.2017. 3) Reappointed as per Proceedings No.EB5/35772/17/DTE dated, 16.03.2021 |

മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

SHALIJ P R
DIRECTOR

To

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)

2. സൂപ്രണ്ട്, EB സെക്ഷൻ.

3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**Signed by Shalij P R**
**Date: 27-09-2024 07:31:00**